Fco B1- 7796/19


# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

മ്യൂസിയം - നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം - 695033

ഫോൺ : 0471 2737240, 0471 2737256

email – sc.directorate@gmail.com


'ഭരണഭാഷ മാതൃഭാഷ'

## പരിശോധന റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, ചവറ, കൊല്ലം ജില്ല

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 01/04/2014 മുതൽ 31/03/2018 വരെ |
| പരിശോധനാ തീയതി | : | 11/02/2019 മുതൽ 16/02/2019 വരെ |
| പരിശോധനാ വിഭാഗം | : | ഫിൻ.ഡി. ഓഡിറ്റ് വിഭാഗം |
| സീനിയർ സൂപ്രണ്ട് | : | കെ.എസ്. സുദർശനൻ ആചാരി |
| സീനിയർ ക്ലാർക്ക് | : | എം.എ. നിദീഷ് |

**പരിശോധന കാലയളവിൽ ആഫീസ് മേധാവികളായിരുന്നവരുടെ പേരും കാലയളവും**

| ക്രമ നം | പേര് | കാലയളവ് | പെൻ നമ്പർ |
|---|---|---|---|
| 1 | ശ്രീ.കെ. പ്രസാദ് | 27/05/2013 മുതൽ 24/06/2015 വരെ | 226214 |
| 2 | ശ്രീ. ബേബി തോമസ് | 25/06/2015 മുതൽ 31/07/2016 വരെ | |
| 3 | ശ്രീമതി റീനാ തോമസ് | 01/08/2016 മുതൽ 30/11/2018 വരെ | 226277 |

### പാർട്ട് I

#### ആമുഖം

#### എ. സ്ഥിതി വിവരം

ചവറ ബ്ലോക്ക് പരിധിയിലെ തേവലക്കര, പന്മന,ചവറ, തെക്കും ഭാഗം, നീണ്ടകര എന്നീ അഞ്ചു ഗ്രാമപഞ്ചായത്തുകളിലെ 65 പട്ടികജാതി കോളനികളിലും 25 പട്ടിക ജാതി സങ്കേതങ്ങളിലുമായി അധിവസിക്കുന്ന 3522 കുടുംബങ്ങളിലെ ആകെ ജനസംഖ്യ 15888 ആണ്. ഇതിൽ 7500 പേർ പുരുഷൻമാർ 8388 പേർ സ്ത്രീകളുമാണ്. ബ്ലോക്ക്

പരിധിയിൽ 85 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരായും 117 കുടുംബങ്ങൾ ഭവന രഹിതരായും ഉണ്ട്. 99 കുടുംബങ്ങൾക്ക് ഉപയോഗപ്രദമായ ടോയ്‌ലറ്റുകൾ ഇല്ല. ബ്ലോക്ക് പരിധിയിൽ വൈദ്യുതീകരിക്കാത്ത പട്ടികജാതി കോളനികളോ സങ്കേതങ്ങളോ ഇല്ല. കുടിവെള്ള വിതരണത്തിനു എല്ലാ പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും പൈപ്പു സംവിധാനം എത്തിയിട്ടുണ്ട്. പട്ടികജാതി ജന വിഭാഗങ്ങളിൽ ഭൂരിപക്ഷം പേരും ദിവസക്കൂലി അടിസ്ഥാനത്തിൽ കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ എടുക്കുന്നവരാണ്.

ബി. ഫീൽഡു പരിശോധന

വകുപ്പിലെ സീനിയർ ഫിനാൻസ് ആഫീസർ ശ്രീ.എം. മുഹമ്മദ് ഹാരീസിന്റെ നേതൃത്വത്തിൽ നടത്തിയ ഫീൽഡു പരിശോധനയിൽ 2017-18 വർഷം ശ്രീ. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പത്മന ഗ്രാമപഞ്ചായത്തിലെ കൊല്ലക പട്ടികജാതി കോളനി സന്ദർശിച്ചു. കോളനിയിലെ നിർമ്മാണ പ്രവർത്തികളുടെ ഉദ്ഘാടനം 08/02/2019 നു നടന്നിട്ടുണ്ട്. ഭവന പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി നിർമ്മാണം ശുചിത്വ സൗകര്യങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, സോളാർ വിളക്കുകൾ എന്നിവയാണു നടപ്പാക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ. നിർമ്മാണ പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതാണ്.

2016-17 വർഷത്തെ ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. സതീശൻ, സതി ഭവൻ, കൊല്ലക എന്നയാളിന്റെ ഭവന നിർമ്മാണം പരിശോധിച്ചു. ടിയാൾ 21/05/16-ൽ രണ്ടാം ഗഡു തുക കൈപ്പറ്റിയെങ്കിലും നിലവിൽ വീടിന്റെ ഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ശ്രീ. സതീശന്റെ ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

2017-18 വർഷം പഠന മുറി നിർമ്മാണത്തിനു ധനസഹായം അനുവദിച്ച ശ്രീമതി ആതിര, മൂന്നു സെന്റ് കോളനി, കൊല്ലക എന്ന ഗുണഭോക്താവിന്റെ പഠന മുറി നിർമ്മാണം പരിശോധിച്ചു. ടിയാൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ ധനസഹായ തുകയും കൈപ്പറ്റിയിട്ടുണ്ട്.

2017-18 വർഷം പഠനമുറി നിർമ്മാണത്തിനു ധനസഹായം അനുവദിച്ച ശ്രീമതി വിജില ചണ്ടിനാട് തറയിൽ, കൊല്ലക എന്ന ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പരിശോധിച്ചു. ടിയാൾ 27/11/2018-ൽ ധനസഹായ തുകയുടെ രണ്ടാം ഗഡു തുക കൈപ്പറ്റിയിട്ടുണ്ട്. ടിയാളിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും നിർമ്മാണ പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

സി. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പരിധിയിലുള്ള ചവറ, ഓച്ചിറ, കൊല്ലം കോർപ്പറേഷൻ, മുഖത്തല, ചിറ്റുമല എന്നീ പട്ടികജാതി വികസന ആഫീസുകളിലെ 01/09/2016 മുതൽ 31/05/2017 വരെയുള്ള കണക്ക് പരിശോധിച്ച് OA(HQ)IV/11/12-45/17-18/283 തീയതി 28/07/17 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയതിനു ചവറ ബ്ലോക്കിനെ സംബന്ധിക്കുന്ന ടോയ്‌ലറ്റ് നിർമ്മാണം, ഭവനനിർമ്മാണം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ വസ്തുക്കളുടെ ആധാരം തിരിച്ചു നൽകൽ എന്നീ ഖണ്ഡികകൾക്കു മറുപടി നൽകുവാൻ ജില്ലാ പട്ടികജാതി വികസന ആഫീസർ 02/11/2017-ലെ എ5-7568/17 നമ്പർ കത്തു പ്രകാരം നിർദ്ദേശിച്ചിരുന്നു എങ്കിലും മറുപടി നൽകിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതും മറുപടി സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

**മുൻ പരിശോധന കുറിപ്പുകളിലെ തീർപ്പാക്കുവാനുള്ള ഖണ്ഡികകൾ**

1.OA(HQ)IV/11/12-55/2013-44

B1, II (ഭവനനിർമ്മാണം)

മറുപടി നൽകിയതു സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2.OA(HQ)IV/11/12-158/2015-16

B1, II, III (ഭവനനിർമ്മാണം, വിജ്ഞാൻ വാടി)

CAV/10/15 പ്രകാരം 06/02/2019-ൽ പട്ടികജാതി വികസന ആഫീസർ മറുപടി ജില്ലാ പട്ടിക ജാതി വികസന ആഫീസർക്കു നൽകിയതായി കാണുന്നു. മറുപടി അംഗീകരിച്ചു ലഭിച്ചതു സംബന്ധിച്ച വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ഡി. വകുപ്പു തല പരിശോധന

01/04/2011 മുതൽ 31/03/2014 വരെയുള്ള കാലയളവിലെ പരിശോധന 22/12/2016 മുതൽ 24/12/2016 വരെയുള്ള കാലയളവിൽ നടത്തി 23/06/2017 -ലെ ഫിൻ.ബി.1-18936/11 നമ്പർ കത്തു പ്രകാരം പരിശോധനകുറിപ്പു ലഭ്യമാക്കിയതായി കാണുന്നു. ടി പരിശോധന കുറിപ്പിനു ഒരു മറുപടിയും നൽകിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം സഹിതം മറുപടി സമയബന്ധിതമായി സമർപ്പിക്കേണ്ട തുമാണ്.

01/04/2010 മുതൽ 31/03/2011 വരെയുള്ള കാലയളവിലെ പരിശോധന കുറിപ്പു 12/06/2012 -ലെ ഫിൻ ബി1-24697/11 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയതിനു SCDO/CA/436/11 നമ്പർ കത്തു പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നു. തുടർനടപടികളുടെ വിവരം ലഭ്യമല്ല. റിപ്പോർട്ടിന്റെ നിജസ്ഥിതി അറിയിക്കേണ്ടതാണ്.

ഭാഗം- II

**I ക്യാഷ്ബുക്ക്/ ബിൽബുക്ക്:-**

(1) CB-06/14-15 തീയതി 29/05/14 പ്രകാരം 50,000/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ ടി ബിൽ പാസാക്കിയതായോ നിരാകരിച്ചതായോ ട്രഷറി ഓഫീസർ രേഖപ്പെടുത്തിയിട്ടില്ല എന്നാൽ ക്യാഷ് ബുക്കിൽ ഇതേ രീതിയിൽ മേൽ തുക വരവ് ചേർത്തിട്ടുള്ളതായി കാണുന്നു. വിശദീകരിക്കേണ്ടതാണ്.

(2) CB-50/14-15 പ്രകാരം 10/12/14 തീയതിയിൽ 3,000/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ ടി തുക 03/12/14 തീയതിയിൽ വരവ് ചേർത്തിരിക്കുന്നു. ബിൽ ബുക്കിലെ തീയതിയിലും ക്യാഷ് ബുക്കിലെ തീയതിയിലും മേൽ പ്രകാരം വ്യത്യാസം വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

(3) CB-65/16-17 തീയതി 30/01/17 പ്രകാരം 18,000/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ ട്രഷറി ഓഫീസർ പാസാക്കിയതായി കാണുന്നില്ലായെങ്കിലും ക്യാഷ് ബുക്കിൽ ടി തുക വരവ് ചേർത്തിട്ടുണ്ട്. വിശദീകരിക്കേണ്ടതാണ്.

(4) CB-43/17-18 തീയതി 26/10/17 പ്രകാരം 375,000/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ ആയത് വരവ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദീകരിയ്ക്കേണ്ടതാണ്.

(5) CB-60/17-18 തീയതി 15/03/18 പ്രകാരം 4,00,000/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ 40000/- രൂപ മാത്രം വരവ് കാണിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

(6) എല്ലാ പ്രവൃത്തി ദിവസങ്ങളിലും ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതും സാമ്പത്തിക ഇടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ ടി വിവരം രേഖപ്പെടുത്തേണ്ടതുമാണ് എന്നിരിക്കെ ടി ഓഫീസിലെ ക്യാഷ് ബുക്ക് അപ്രകാരം പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് 28/02/18 തീയതിയിലെ രേഖപ്പെടുത്തലിനു ശേഷം 14/03/18 തീയതിയിലെ കണക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

**II ചെലാൻ ഫയൽ**

1. ചെലാനുകൾ തീയതി ക്രമത്തിൽ സൂക്ഷിക്കേണ്ടതാണ്.

2. KL00702281820161M തീയതി 29/03/17 ചെലാൻ പ്രകാരം 213/- രൂപ തിരിച്ചടച്ച തായി കാണുന്നു. ടി തുക ലംപ്സംഗ്രാന്റ് ഇനത്തിൽ അവശേഷിച്ചതാണ് തിരിച്ചടച്ചതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി തുക സ്കൂൾ അധികൃതർ ട്രഷറിയിൽ അടച്ച് ചെലാന്റെ പകർപ്പ് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ് എന്നിരിക്കെ പട്ടികജാതി വികസന ഓഫീസർ തുക തിരിച്ചടയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

**III അക്വിറ്റൻസ് ( സ്റ്റാഫ്)**

1. രജിസ്റ്ററിൽ പേജ് നമ്പരിടുകയോ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. EB-3/15-16 dated 04/05/15 ബിൽ പ്രകാരം മാറിയ 44831/- രൂപയുടെ തുക വിതരണത്തിൽ ശ്രീ. ഡി. ശ്യാംകുമാർ, സീനിയർ ക്ലർക്ക്-19207/- രൂപ കൈപ്പറ്റിയിട്ടു ണ്ടെങ്കിലും സ്റ്റാമ്പ് ഒട്ടിച്ചിട്ടുള്ളതായി കാണുന്നില്ല.
3. 9/15, 10/15 എന്നീ മാസങ്ങളിലെ ശമ്പളവിതരണത്തിൽ ബിൽ നമ്പർ, തുക മാറിയ തീയതി, തുക വിതരണം ചെയ്ത തീയതി തുടങ്ങിയ യാതൊരു രേഖപ്പെടുത്തലു കളും നടത്തിയിട്ടുള്ളതായി കാണുന്നില്ല.
4. 07/16 ന് ശേഷം രജിസ്റ്റർ പാലിക്കുന്നില്ല. ബാങ്ക് മുഖേന തുക വിതരണം നടത്തുന്ന സാഹചര്യത്തിൽ 'SPARK' -ൽ നിന്നും 'Credit Confirmation Data' -ടെ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതാണ്.

**IV. അക്വിറ്റൻസ് ( പ്രൊമോട്ടർ)**

1. രജിസ്റ്ററിൽ പേജ് നമ്പരിടുകയോ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.
2. ക്യാഷ് ബുക്ക് പ്രകാരം 07/08/14 തീയതിയിൽ CB-20/14-15 ബിൽ പ്രകാരം മാറിയ 9420/- രൂപയുടെ ചെലവ് കാണിച്ചിരിക്കുന്നു. എന്നാർ രജിസ്റ്ററിൽ തുക രേഖപ്പെടുത്താതെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.
3. 30/03/15 തീയതിയിൽ 20000/- രൂപ വിതരണം നടത്തിയതായി കാണുന്നു. എന്നാൽ ബിൽ നമ്പർ, തുക മാറിയ തീയതി തുടങ്ങിയ രേഖപ്പെടുത്തലുകൾ നട ത്തിയിട്ടില്ല.
4. CB-2/15-16 ബിൽ പ്രകാരം മാറിയ 105000 രൂപയുടെ വിതരണത്തിൽ ശ്രീ. ജിനു കൃഷ്ണൻ 21000/- രൂപ ഒപ്പിട്ട് കൈപ്പറ്റിയതായി കാണുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**V. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

1. രജിസ്റ്ററിൽ ദ്വൈവാര ഭൗതിക പരിശോധന നടത്തി വരുന്നതായി കാണുന്നില്ല.
2. 23/11/18 -ന് 1175/- രൂപയുടെ സ്റ്റാമ്പ് അവശേഷിക്കുന്നു. ആയതിന് ശേഷം സ്റ്റാമ്പ് ഉപയോഗിച്ചിട്ടില്ല. പരിശോധന തീയതിയിൽ 1160/- രൂപയുടെ സ്റ്റാമ്പ് മാത്രമേ ലഭ്യമായിട്ടുള്ളൂ 15/- രൂപയുടെ സ്റ്റാമ്പ് കുറവുള്ളതായി കാണുന്നു. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**VI. അക്വിറ്റൻസ് രജിസ്റ്റർ(ചികിത്സാ ധനസഹായം)**

1. തുക വിതരണം പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2. രജിസ്റ്ററിൽ ചെക്ക് നമ്പർ രേഖപ്പെടുത്തുന്നതായി കാണുന്നില്ല.
3. Rule 432(d) of KTC Vol I പ്രകാരം സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**VII. അക്വിറ്റൻസ് രജിസ്റ്റർ(സ്വയം തൊഴിൽ)**

1. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.
2. 2016-17 സാമ്പത്തിക വർഷം രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചെങ്കിലും ഫോട്ടോ പതിച്ചിട്ടില്ല.

ന്യൂനത പരിഹരിക്കേണ്ടതാണ്.

**VIII. അക്വിറ്റൻസ് രജിസ്റ്റർ(പാരലൽ കോളേജ്)**

1. രജിസ്റ്ററിൽ പേജ് നമ്പരിടുകയോ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. അക്വിറ്റൻസ് പ്രകാരം 31/05/16-ന് മൂന്ന് വിദ്യാർത്ഥികൾക്കായി 17920/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ ടി തീയതിയിൽ 20,920/- രൂപ ടി പദ്ധതിയിനത്തിൽ ചെലവ് കാണിച്ചിരിക്കുന്നു.

**അക്വിറ്റൻസ് രജിസ്റ്റർ ( വിവാഹ ധനസഹായ പദ്ധതി)**

1. രജിസ്റ്ററിൽ പേജ് നമ്പരിടുകയോ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2. രജിസ്റ്ററിൽ തുക വിതരണം സംബന്ധിക്കുന്ന പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തുന്നതായി കാണുന്നില്ല. ബിൽ നമ്പർ, തുക മാറിയ തീയതി, വിതരണ സംക്ഷിപ്തം തുടങ്ങിയ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്താതെ രജിസ്റ്റർ പരിപാലിക്കുന്ന തായി കാണുന്നു.

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## Part III

### പദ്ധതികൾ

### I ഭൂരഹിത പുനരധിവാസ പദ്ധതി

ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കു ഭവനനിർമ്മാണത്തിനു ഭൂമി വാങ്ങുന്നതിനു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 20 | 48,75,000 |
| 2015-16 | 16 | 60,00,000 |
| 2016-17 | 15 | 55,12,500 |
| 2017-18 | 15 | 53,57,500 |

2014-15 വർഷത്തെ അപേക്ഷകൾ പരിശോധനയ്ക്കു ലഭ്യമായില്ല. കണ്ടെടുത്തു അടുത്ത പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

2015-16 വർഷം അപേക്ഷയിലും രജിസ്റ്ററിലും ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ചിട്ടില്ല. കരാർ ഉടമ്പടി എഴുതി വാങ്ങിയിട്ടില്ല.

2016-17 വർഷത്തെ പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റു എജിയ്ക്കു സമർപ്പിച്ചിട്ടില്ല.

2017-18 വർഷം ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്കു കണ്ടെത്തിയ സ്ഥലമാണു വാങ്ങിയതെന്നുള്ള സത്യ പ്രസ്താവന അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ ന്യൂനതകൾ പരിഹരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

### ബി. ഭവന നിർമ്മാണ ധനസഹായം

2007-2008 വർഷം മുതൽ 2017-18 വർഷം വരെ അനുവദിച്ചതും അനുവദിച്ചതിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തവയുടെ നിലവിലുള്ള ഘട്ടങ്ങളും അടങ്ങിയ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | നിലവിൽ പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിക്കുവാനുള്ളവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 52 | 51 | 1 | 0 | 0 | 1 |
| 2008-09 | 52 | 51 | 1 | 0 | 0 | 1 |
| 2009-10 | 35 | 34 | 1 | 0 | 1 | 0 |
| 2010-11 | 22 | 21 | 1 | 0 | 0 | 1 |
| 2011-12 | 8 | 7 | 1 | 0 | 1 | 0 |
| 2012-13 | 26 | 24 | 2 | 0 | 1 | 1 |
| 2013-14 | 24 | 23 | 1 | 0 | 1 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2014-15 | 15 | 15 | 0 | 0 | 0 | 0 |
| 2015-16 | 23 | 22 | 1 | 0 | 0 | 1 |
| 2016-17 | 79 | 59 | 20 | 10 | 5 | 5 |
| 2017-18 | 39 | 26 | 13 | 5 | 3 | 5 |
| ആകെ | **375** | **333** | **42** | **15** | **12** | **15** |

പൂർത്തീകരിച്ച വീടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്. പൂർത്തീകരിക്കാത്ത പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 2017-18 ഉപയോഗിച്ചു വരുന്ന രജിസ്റ്ററിന്റെ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**സി. ടോയ്‌ലറ്റ് നിർമ്മാണം**

ഉപയോഗപ്രദമല്ലാത്ത ടോയ്‌ലറ്റുകൾ ഉള്ള കുടുംബങ്ങൾ സെപ്റ്റിംക് ടാങ്കോടു കൂടിയ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനു 25000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | ചെലവഴിച്ച തുക |
|---|---|---|---|
| 2012-13 | 129 | 119 | 31,00,000 |
| 2013-14 | 140 | 140 | 35,00,000 |
| 2014-15 | 99 | 97 | 24,50,000 |
| 2015-16 | 100 | 98 | 24,75,000 |

പൂർത്തീകരിക്കാത്തവ പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റു എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**ഡി. ഭവനപുനരുദ്ധാരണ പദ്ധതി**

അഞ്ചു വർഷത്തിലധികം പഴക്കമുള്ളതും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമായ ഭവനങ്ങളുടെ പുന;രുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു 50000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചത് | ബാക്കി | ചെലവഴിച്ച തുക |
|---|---|---|---|---|
| 2013-14 | 46 | 46 | - | |
| 2014-15 | 28 | 28 | - | |
| 2015-16 | 27 | 24 | 3 | |
| 2016-17 | 40 | 38 | 2 | |

പൂർത്തീകരിക്കാത്തവ പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**ഇ. മിശ്ര വിവാഹ ധനസഹായം**

മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 2012-13 | 50 | 20000 | 10,00,000 |
| 2013-14 | 13 | 50000 | 650000 |
| 2014-15 | 9 | 50000 | 450000 |
| 2015-16 | 14 | 50000 | 700000 |
| 2016-17 | 14 | 50000 | 700000 |
| 2017-18 | 23 | 50000x14<br>75000x9 | 700000<br>675000 } 1375000 |

1. മിശ്ര വിവാഹം മൂലം സാമ്പത്തികമായി ക്ലേശം അനുഭവിക്കുന്ന ദമ്പതിമാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് വരുമാനം ആർജിച്ച് സാമ്പത്തിക ക്ലേശം ലഘൂകരിക്കുന്നതിനു വേണ്ടിയാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. എന്നാൽ ആരംഭിക്കുന്ന തൊഴിൽ സംരംഭങ്ങളുടെ പ്രോജക്ട് റിപ്പോർട്ടുകൾ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.
2. 2014-15 വർഷത്തെ പദ്ധതിയുടെ അപേക്ഷകൾ പരിശോധനയ്ക്കു ലഭിച്ചില്ല. കണ്ടെടുത്തു അടുത്ത പരിശോധന വേളയിൽ ഹാജരാക്കേണ്ടതാണ്.
3. ധനസഹായ തുകയുടെ വിനിയോഗ രസീതുകളിൽ ദമ്പതിമാർ തുക നൽകിയതായി രേഖപ്പെടുത്തി ഒപ്പു വച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.
4. 2016-17 വർഷത്തെ ഗുണഭോക്താക്കളായ രതീഷ്.ജി, കുന്നേൽ കിഴക്കേതിൽ, പാലയൂർ തേവലക്കര & ആതിര ബാബു എന്നീ ദമ്പതിമാരുടെ അപേക്ഷയിൽ മിശ്രവിവാഹം മൂലം അനുവഭിക്കേണ്ടി വന്ന ക്ലേശ ഘടകങ്ങൾ വ്യക്തമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.
5. 2017-18 വർഷത്തെ ഗുണഭോക്താക്കളായ ചുവടെ പേരു ചേർക്കുന്ന ദമ്പതിമാരിൽ നിന്നും കരാർ ഉടമ്പടി എഴുതി സൂക്ഷിച്ചിട്ടില്ല.

   1.ശ്രീ.സാബു.എസ് & നീന കണ്ഠകർണ്ണൻ കാവിൽ

   ശ്രീ. ശ്രീകുമാർ. എൽ & രമ്യ .എൽ, പുതിയ വീട്

   ശ്രീ പ്രസാദ് എസ് & രേഷ്മ.ആർ കൊല്ലേത്തു കിഴക്കേതിൽ വിശദീകരണം നൽകേണ്ടതാണ്.
6. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ടു നൽകിയതിന്റെ ക്രെഡിറ്റ് കൺഫർമേഷൻ ഡേറ്റാ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പരിശോധന കാലയളവിലെ പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റു എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## എഫ്. വിവാഹ ധനസഹായം

പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനു രക്ഷാകർത്താക്കൾക്കു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം തുക അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2012-13 | 33 | 8,40,000 |
| 2013-14 | 137 | 6,39,000 |
| 2014-15 | 58 | 29,00,000 |
| 2015-16 | 48 | 24,00,000 |
| 2016-17 | 37 | 23,00,000 |
| 2017-18 | 70 | 43,50,000 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു തുക നൽകിയതിന്റെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ദുർബല വിഭാഗങ്ങളുടെ പ്രത്യേക പുനഃരധിവാസ പദ്ധതികൾ

2016-17 വർഷം ശ്രീമതി പൊന്നണി, ലക്ഷം വീട്, അരിനെല്ലൂർ പി.ഒ. എന്ന ഗുണഭോക്താവിനു 3,50,000/- രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചും ഭവന നിർമ്മാണം പൂർത്തീകരിക്കരിക്കുകയും ചെയ്തിട്ടുണ്ട്. ധനസഹായം വിതരണം ചെയ്ത നടപടി സാധൂകരിച്ചതു സംബന്ധിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

2017-18 വർഷം ഒരു ഗുണഭോക്താവിനു 3,50,000/- രൂപ ഭവന നിർമ്മാണ ധനസഹായവും ഒരു ഗുണഭോക്താവിനു 50000/- രൂപ ഭവനപുനഃരുദ്ധാരണത്തിനു ധനസഹായം വിതരണം ചെയ്യുകയും ചെയ്തു. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സാധൂകരണ ഉത്തരവു ലഭ്യമാക്കി റിപ്പോർട്ടു ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റു എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ രജിസ്റ്ററിൽ ചേർത്തു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## സ്വയം തൊഴിൽ സംരംഭകർക്കു സബ്സിഡി നൽകുന്ന പദ്ധതി

ബാങ്കു വായ്പ ലഭ്യമാക്കി സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്കു ബാങ്ക് അനുവദിക്കുന്ന വായ്പ തുകയുടെ 1/3 ഭാഗം സബ്സിഡി അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ തുക വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി അനുവദിച്ച തുക |
|---|---|---|
| 2014-15 | 4 | 343237 |
| 2015-16 | 3 | 2,00,000 |
| 2016-17 | 2 | 91667 |
| 2017-18 | ഇല്ല | ഇല്ല |

2016-17 വർഷത്തെ മധുസൂദനൻ, ഭാസ്കര ഭവനം എന്ന ഗുണഭോക്താവിനു വായ്പ തുകയും അനുവദിച്ച സബ്സിഡി തുകയും 36,667/- രൂപ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. .ന്യൂനത പരിഹരിക്കേണ്ടതാണ്.

സുരേഷ്, പാറത്തൂർ, തെക്കേതിൽ എന്ന ഗുണഭോക്താവിന്റെ പേരിനോടൊപ്പം രജിസ്റ്ററിൽ പ്രോജക്ട് ഡീറ്റെയിൽസ് ചേർത്തിട്ടില്ല. പദ്ധതി പ്രകാരം വാങ്ങിയ ഓട്ടോറിക്ഷയുടെ രേഖകൾ ഒന്നും അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

2014-15 വർഷത്തെ ഗുണഭോക്താക്കളുടെ സബ്സിഡി നൽകിയ ഇനത്തിലുള്ള ബാങ്കിൽ നിന്നുമുള്ള കൈപ്പറ്റു രസീതുകൾ പരിശോധനയ്ക്കു ലഭിച്ചില്ല. കണ്ടെടുത്തു റിപ്പോർട്ടു ചെയ്യേണ്ടതാണ്. പരിശോധന കാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റു എ.ജി. യ്ക്കു സമർപ്പിച്ച റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## ചികിത്സാ ധനസഹായം

പദ്ധതി പ്രകാരം പരിശോധന കാലയളവിൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2014-15 | 97 | 684000 |
| 2015-16 | 335 | 6725000 |
| 2016-17 | 386 | 9603500 |
| 2017-18 | 614 | 7414400 |

പദ്ധതി പ്രകാരം വിതരണം ചെയ്ത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റു എ.ജി. യ്ക്കു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## പഠനമുറി നിർമ്മാണം

പരിശോധന കാലയളവിൽ 2017-18 വർഷം ആരംഭിച്ച വീടിനോടനുബന്ധിച്ചു പഠനത്തിനു സൗകര്യമില്ലാത്തവർക്കു പഠനമുറി നിർമ്മിക്കുന്ന പദ്ധതി പ്രകാരം 2017-18 വർഷം 44 പേർക്കു ധനസഹായം അനുവദിച്ചതിൽ 33 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ഒൻപതു ഗുണഭോക്താക്കൾ മൂന്നാംഗഡുവിലും രണ്ടു ഗുണഭോക്താക്കൾ രണ്ടാം ഗഡുവിലും ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. ആയതിലേക്ക് 8190000/- രൂപ വിതരണം

ചെയ്തിട്ടുണ്ട്. പൂർത്തിയാക്കാത്തവ പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പൂർത്തീകരിച്ചവയുടെ വിനിയോഗ സർട്ടിഫിക്കറ്റു എ.ജിയ്ക്കു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

വാത്സല്യനിധി

2017-18 വർഷം ആരംഭിച്ച പദ്ധതി പ്രകാരം ലഭിച്ച പത്തു അപേക്ഷകൾ ശുപാർശ ചെയ്തു ജില്ലാ പട്ടികജാതി വികസന ആഫീസർക്കു സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

വിജ്ഞാൻ വാടി

ബ്ലോക്ക് പരിധിയിൽ നീണ്ടകര ഗ്രാമപഞ്ചായത്തിലെ പരിമണം ലക്ഷംവീട് കോളനിയിലും ചവറ ഗ്രാമപഞ്ചായത്തിലെ പയ്യലക്കാവ് വാർഡിൽ മണ്ണാന്റയ്യത്ത് കോളനി യിലുമായി രണ്ടു വിജ്ഞാൻവാടികൾ പ്രവർത്തിച്ചിരുന്നതിൽ ചവറ ഗ്രാമപഞ്ചായത്തിലെ വിജ്ഞാൻവാടിയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരിക്കുകയാണ്. ഇവയുടെ ആവർത്തന ചെലവുകൾക്കായി 2015-16 വർഷം 30000/- രൂപയും 2017-18-ൽ 131467/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിലെ ചെലവുകൾ സംബന്ധിച്ച വിശദവിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. ചവറ ഗ്രാമപഞ്ചായത്തിലെ വിജ്ഞാൻവാടിയുടെ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. പരിശോധന കാലയളവിലെ ചെലവുകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

ഭൂരഹിത പുന:രധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ ഭൂമിയുടെ ആധാരങ്ങൾ

ഭൂരഹിത പുന:രധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ ഭൂമിയുടെ അസ്സൽ ആധാരങ്ങൾ 2001-02 മുതലുള്ളതും 2017-18 വരെയുള്ള കാലയളവിലെ 97 എണ്ണം ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ വസ്തു ഉടമകൾക്കു തിരിച്ചു നൽകുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

വിദേശ തൊഴിൽ

വിദേശ തൊഴിൽ തേടുന്നവർക്കു ധനസഹായം നൽകുന്ന പദ്ധതി പരിശോധന കാലയളവിൽ നടപ്പാക്കിയിട്ടില്ല.

ഭാഗം IV

വിദ്യാഭ്യാസ പദ്ധതികൾ

1 ലംപ്സംഗ്രാന്റ് വിതരണം

ബ്ലോക്ക് പരിധിയിൽ LPS 27,UPS 9, HS 14 എന്നിങ്ങനെ 50 സ്കൂളുകൾ ഉള്ളതിൽ പരിശോധന കാലയളവിൽ ലംപ്സംഗ്രാന്റ് വിതരണം നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്ക്കൂളുകളുടെ എണ്ണം | തുക |
|---|---|---|
| 2014-15 | 49 | 1105100 |
| 2015-16 | 50 | 1181530 |
| 2016-17 | 46 | 1446520 |
| 2017-18 | 48 | 1632972 |

പരിശോധനാ കാലയളവിൽ രജിസ്റ്റർ ക്രമമായി പരിപാലിച്ചിട്ടില്ല. സ്ഥാപന മേധാവികൾ മുൻകൂർ നൽകുന്ന തുകയിൽ ബാക്കിയുള്ളതു തിരിച്ചടച്ചു ഹാജരാക്കുന്ന ചെലാനുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. പരിശോധന കാലയളവിലെ വിദ്യാർത്ഥികളുടെ എണ്ണം റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്ഥാപനമേധാവികളുടെ അക്കൗണ്ടിലേക്കു തുക നൽകിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**2 <u>പ്രൈമറി എയ്ഡ്</u>**

I മുതൽ IV വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു പ്രതിവർഷം 2000/- രൂപ നിരക്കിൽ നൽകുന്ന പദ്ധതി പ്രകാരം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 2014-15 | 31 | 789 | 1578000 |
| 2015-16 | 33 | 741 | 1482000 |
| 2016-17 | 33 | 695 | 1390000 |
| 2017-18 | 31 | 686 | 1372000 |

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**3 <u>സെക്കന്ററി എയ്ഡ്</u>**

2017-18 വർഷം ആരംഭിച്ച V മുതൽ VIII വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു 2000/- രൂപ നിരക്കിൽ പ്രതിവർഷം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 24 സ്കൂളുകളിലെ 768 വിദ്യാർത്ഥികൾക്കായി 1536000 രൂപ വിതരണം ചെയ്തു.

രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചും വിനിയോഗ സർട്ടിഫിക്കറ്റു സമർപ്പിച്ചും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ശ്രീ. അയ്യങ്കാളി ടാലന്റ് സേർച്ച് സ്കീം**

ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കീം പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പുതുക്കി നൽകിയ വിദ്യാർത്ഥികൾ | പുതിയവർ | ആകെ വിദ്യാർത്ഥികൾ | അനുവദിച്ച തുക |
|---|---|---|---|---|
| 2014-15 | 29 | 3 | 32 | 148000 |
| 2015-16 | 23 | 3 | 26 | 123500 |
| 2016-17 | 14 | 12 | 26 | 117000 |
| 2017-18 | 25 | 20 | 45 | 202500 |

രജിസ്റ്ററിന്റെ പേജു നമ്പരും രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കു തുക നൽകിയതിന്റെ രേഖകൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പ്രത്യേക പ്രോത്സാഹന സമ്മാനം**

വാർഷിക പരീക്ഷകളിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്കു പ്രത്യേക പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2014-15 | 81 | 182000 |
| 2015-16 | 111 | 219500 |
| 2016-17 | 106 | 249000 |
| 2017-18 | 99 | 224500 |

വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കു തുക നൽകിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ പതിച്ചു സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരിശോധനകാലയളവിലെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**4 പാരലൽ കോളേജ് വിദ്യാഭ്യാസം**

പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു റഗുലർ കോളേജിലെ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ആനുകൂല്യ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിഭാഗം | | മറ്റർഹ വിഭാഗം | |
|---|---|---|---|---|
| | എണ്ണം | അനുവദിച്ച തുക | എണ്ണം | അനുവദിച്ച തുക |
| 2014-15 | 3 | 21163 | 9 | 66754 |
| 2015-16 | 5 | 27320 | - | - |
| 2016-17 | 12 | 82139 | 11 | 87866 |
| 2017-18 | 13 | - | 143697 | - |

വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്കു സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഫീസ് റീ-ഇംബേഴ്സ്മെന്റ്**

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത നിരക്കിൽ ഫീസ് റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 2014-15 | 97 | 163850 |
| 2015-16 | 40 | 137720 |
| 2016-17 | - | - |
| 2017-18 | 82 | 121971 |

വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്കു നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**രജിസ്റ്ററുകൾ**

1 **ഫർണിച്ചർ രജിസ്റ്റർ**

ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾക്കായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ചുമതല കൈമാറ്റവും വാർഷിക ഭൗതിക പരിശോധന സാക്ഷ്യപത്രവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2 **പേ ബിൽസ് രജിസ്റ്റർ**

പരിശോധന കാലയളവിൽ ക്രമമായി പരിപാലിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതും രജിസ്റ്റർ ചട്ടാനുസൃതം പരിപാലിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4 **കണ്ടിജന്റ് ബിൽസ് രജിസ്റ്റർ**

നിശ്ചിത രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം അനുവദിച്ച തുകയിൽ തിരിച്ചു നൽകിയ തുകയുടെ വിവരം കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

**4 ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

നിലവിൽ പരിപാലിക്കുന്നില്ല. നിർദ്ദിഷ്ട മാതൃകയിൽ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തയ്യാറാക്കി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**5 ഇൻകുബന്റൻസ് രജിസ്റ്റർ**

നിലവിൽ പരിപാലിക്കുന്നില്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**6 ആസ്തി രജിസ്റ്റർ**

നിലവിൽ പരിപാലിക്കുന്നില്ല. ബ്ലോക്ക് പരിധിയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടേയും, കെട്ടിടങ്ങളുടേയും വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**7 പ്രൊമോട്ടേഴ്സ് വർക്ക് ഡയറി**

വർക്ക് ഡയറി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരിശോധന കാലയളവിലെ വർക്കു ഡയറി പട്ടികജാതി വികസന ഓഫീസർ പരിശോധിച്ചു സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫീൽഡു സന്ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള ലഘുവിവരണം കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട താണ്.

**STSB അക്കൗണ്ടുകൾ**

1. A/c No. 703071400000009 സബ്ട്രഷറി, ചവറ

ചികിത്സാ ധനസഹായ വിതരണത്തിനായി 01/03/2019 -ൽ ആരംഭിച്ച അക്കൗണ്ടിൽ നിലവിൽ (14/01/2019-ൽ) 36100/- രൂപ നീക്കി ബാക്കി ഉണ്ട്. തുക അടിയന്തിരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ് വിതരണം ചെയ്യുവാൻ കഴിയുകയില്ലെങ്കിൽ ആയത് ഉറപ്പാക്കി തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2. A/c No. 70307140000006o സബ്ട്രഷറി, ചവറ

01/03/2016 -ൽ ആരംഭിച്ച അക്കൗണ്ടിൽ 24/10/2018-ൽ 25,285/- രൂപ നീക്കി ബാക്കി ഉണ്ട്. ടി തുകയുടെ ഇന വിവരം വ്യക്തമല്ല. ഇന വിവരം വ്യക്തമല്ല. ഇനവിവരം അറിയിക്കേണ്ടതും വിതരണം ചെയ്യുവാൻ കഴിയുന്നവ അടിയന്തിരമായി വിതരണം ചെയ്യേണ്ടതും വിതരണം ചെയ്യുവാൻ കഴിയുകയില്ലെങ്കിൽ ആയത് ഉറപ്പാക്കി തിരിച്ചടയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## പൊതു അഭിപ്രായം

ചവറ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. ഫയലുകളും, രജിസ്റ്ററുകളും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പരിശോധനാ ഫയലുകൾ കാലയളവ് അടിസ്ഥാനത്തിൽ പ്രത്യേകം സൂക്ഷിക്കേണ്ടതും സമയബന്ധിതമായി മറുപടി നൽകേണ്ടതുമാണ്. ചവറ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് പട്ടികജാതി വികസന ആഫീസിനു സ്ഥലസൗകര്യവും അടിസ്ഥാന സൗകര്യങ്ങളുമാണുള്ളത്. ആഫീസിന്റെ പ്രവർത്തനത്തിനു സൗകര്യ പ്രദമായ കെട്ടിടം ലഭ്യമാക്കുന്നതിനു കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

എം.ബി. 05/11/19